46/DGE/HSE/NSS/2025

നാഷണൽ സർവീസ് സ്കീം
(ഹയർ സെക്കന്ററി വിഭാഗം)
ജഗതി ഉള്ളൂർ ലെയിൻ
(Opposite New Building )
തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി :12/11/2025

## സർക്കുലർ

വിഷയം: എൻ.എസ്.എസ്. വോളന്റിയർമാരുടെ റെസിഡൻഷ്യൽ പരിശീലനം 'IGNITE-2025' വോളന്റിയർ ലീഡർഷിപ് ട്രെയിനിങ് ക്യാമ്പ് - സംബന്ധിച്ച്

ഹയർ സെക്കണ്ടറി നാഷണൽ സർവീസ് സ്കീം 2025-26 ലെ പുതുതായി അനുവദിച്ച യൂണിറ്റുകളിലെ ഒന്നാം വർഷ വോളന്റിയർ ലീഡർമാർക്കുള്ള ത്രിദിന സഹവാസ ക്യാമ്പ് 14.11.2025 മുതൽ 16.11.2025 വരെ ചുവടെ ചേർക്കുന്ന കേന്ദ്രത്തിൽ ആരംഭിക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്ന സ്കൂളിൽ നിന്നും ഒരു ആൺകുട്ടിയെയും ഒരു പെൺകുട്ടിയെയും നിലവിൽ എൻറോൾ ചെയ്ത വിദ്യാർത്ഥികളിൽ നിന്നും വോളന്റിയർ ലീഡർമാരായി തിരഞ്ഞെടുത്ത് ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടതാണ്. ടി സ്കൂളിൽ നിന്നും ആൺകുട്ടികൾ മാത്രമാണ് വരുന്നതെങ്കിൽ അവരെ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നതല്ല.

പങ്കെടുക്കുന്ന വോളന്റിയർമാർ ഫോട്ടോ പതിച്ച സ്കൂൾ ID / പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രം നിർബന്ധമായും കരുതണം. ക്യാമ്പിൽ മൊബൈൽ ഫോൺ അനുവദിക്കുന്നതല്ല. ക്യാമ്പ് നിബന്ധനകൾ പാലിക്കാത്ത ലീഡർമാരുടെ വിവരം ബന്ധപ്പെട്ട പ്രിൻസിപ്പൽമാരെ അറിയിക്കുന്നതും അവരെ വോളന്റിയർ സ്ഥാനത്തു നിന്നും ഒഴിവാക്കുന്നതുമാണ്. ഒരു യൂണിറ്റിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ആയി ഓരോ വോളന്റിയറും 1450/- രൂപ വീതം നൽകേണ്ടതാണ്. പ്രസ്തുത തുക റഗലർ ആക്ടിവിറ്റി ഇനത്തിലെ പ്രോഗ്രാം ഡെവലപ്മെന്റ് എന്ന ഹെഡിലെ ട്രെയിനിങ് ഫീസ് എന്ന ഇനത്തിൽ നിന്ന് എടുക്കേണ്ടതാണ്.

ക്യാമ്പിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കേണ്ടതാണ്. പേന, ബെഡ് ഷീറ്റ്, പതിവായി കഴിക്കുന്ന മരുന്നുകൾ ഉണ്ടെങ്കിൽ എന്നിവ കൊണ്ടുവരേണ്ടതാണ്. ക്യാമ്പിൽ ഒന്നാം വർഷ ലീഡർമാരെ പങ്കെടുപ്പിക്കാത്ത യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി ഉണ്ടായിരിക്കുന്നതല്ല. ജില്ലാ കൺവീനർമാർ, ക്ലസ്റ്റർ കൺവീനർമാർ എന്നിവരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും ലീഡർഷിപ് ക്യാമ്പിന്റെ കൂടുതൽ വിവരങ്ങൾക്ക് അവരുമായി ബന്ധപ്പെടേണ്ടതുമാണ്.

1. തിരുവനന്തപുരം - 13
2. കൊല്ലം - 4
3. പത്തനംതിട്ട – 2
4. ആലപ്പുഴ – 7
5. കോട്ടയം - 8
6. ഇടുക്കി – 3
7. എറണാകുളം - 6
8. തൃശൂർ - 7
9. പാലക്കാട് – 5

ആകെ 55 യൂണിറ്റുകൾ

| | |
|---|---|
| പരിശീലന കേന്ദ്രം: | വിദ്യ അക്കാഡമി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, തൃശൂർ |
| തീയതി: | 2025 നവംബർ 14,15,16 |
| ക്യാമ്പ് ചുമതല: | പ്രതീഷ്, ജില്ലാ കൺവീനർ, തൃശൂർ, 9447225966 |

ജോയിന്റ് ഡയറക്ടർ (അക്കാദമിക്ക്)

പൊതുവിദ്യാഭ്യാസ വകുപ്പ് ജഗതി തിരുവനന്തപുരം 695 014 ഹയർ സെക്കന്ററി വിഭാഗം